(സി) പി.എഫ്. ഇനത്തിൽ പിടിക്കുന്ന തുക ബോർഡിന്റെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കുവാൻ വ്യവസ്ഥയുണ്ട്.

(ഡി) ഈ തുക ബോർഡിന്റെ വരുമാനമായി കണക്കാക്കാറില്ല. വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കാനുള്ള വ്യവസ്ഥ മാത്രമേയുള്ളൂ.

(ഇ) ഈ തുക കെ.എസ്.ഇ.ബി. ജി.പി.എഫ്. എ/സി ഗ്രൂപ്പ് കോഡ് 44-ൽ ആണ് നിക്ഷേപിക്കുന്നത്.

(എഫ്) 1998-99-ൽ പുതുക്കിയ ബഡ്ജറ്റ് കണക്കുപ്രകാരം ഈ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക 305.66 കോടി രൂപയാണ്.

(ജി) ബോർഡിൽ ഇപ്പോൾ ജനറൽ പ്രോവിഡന്റ് ഫണ്ട് വ്യവസ്ഥകളാണ് പാലിച്ചുവരുന്നത്. ചുരുക്കം ചില ജീവനക്കാർ മാത്രമേ കോൺട്രിബ്യൂട്ടറി പ്രോവിഡന്റ് ഫണ്ടിൽ അംഗങ്ങളായിട്ടുള്ളൂ. 1998-99-ലേയ്ക്കു കോൺട്രിബ്യൂഷനായി 72,800/- രൂപ പി.എഫ്. അക്കൗണ്ടിലേയ്ക്കു മാറ്റിയിട്ടുണ്ട്.

133 (277) ടേൺ കീ അടിസ്ഥാനത്തിലെ വർക്കുകൾ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. സുധാകരൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാന വൈദ്യുതി ബോർഡിന്റെ എത്ര വർക്കുകൾ ടേൺ കീ അടിസ്ഥാനത്തിൽ ചെയ്യുവാൻ ആരംഭിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം വർക്കുകളാണ് ഇവയെന്ന് വിശദീകരിക്കുമോ;

(സി) ഈ വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതും അംഗീകരിച്ചതും ആരാണ്;

(ഡി) ഇതിൽ ഏതെങ്കിലും വർക്കിന്റെ എസ്റ്റിമേറ്റ് വൈദ്യുതി ബോർഡ് തയ്യാറാക്കാത്തതായി ഉണ്ടോ; എങ്കിൽ ഏതെല്ലാം വർക്കുകളുടേതെന്ന് വിശദീകരിക്കുമോ;

(ഇ) ഈ വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ആരാണ്;

(എഫ്) ഈ എസ്റ്റിമേറ്റ് ബോർഡ് ഉദ്യോഗസ്ഥന്മാർ പരിശോധിക്കാതിരുന്നിട്ടുണ്ടോ; എങ്കിൽ കാരണമെന്ത്;

(ജി) ഈ എസ്റ്റിമേറ്റുകളുടെ തുക എത്ര വീതമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)&(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രണ്ടു വൻകിട ജലവൈദ്യുത പദ്ധതികൾ ടേൺ കീ അടിസ്ഥാനത്തിൽ ചെയ്യുവാൻ വേണ്ടി പ്രീ ക്വാളിഫിക്കേഷൻ ടെൻഡറുകൾ വിളിച്ചിട്ടുണ്ട്. ഇവ അതിരപ്പള്ളി (163 മെഗാവാട്ട്), കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ രണ്ടാം ഘട്ടം (100

LIBRARY ARCHIVES Kerala Legislative Assembly

മെഗാവാട്ട്) എന്നിവയാണ്. ഇതുകൂടാതെ കോഴിക്കോട് ഡീസൽ നിലയവും ടേൺ കീ അടിസ്ഥാനത്തിലാണ് ചെയ്യുന്നത്. ഒ.ഇ.സി.എഫ് (ജപ്പാൻ) ന്റെ ധനസഹായത്തോടുകൂടി അഞ്ച് സബ് സ്റ്റേഷനുകളുടെ പണി ടേൺ കീ അടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്. ഇവ

(1) 66 കെ.വി. വട്ടിയൂർക്കാവ്

(2) 110 കെ.വി. കുറ്റിപ്പുറം

(3) 110 കെ.വി. മല്ലപ്പള്ളി

(4) 110 കെ.വി. ഇരിങ്ങാലക്കുട

(5) 110 കെ.വി. വലപ്പാട് എന്നിവയാണ്.

(സി) അതിരപ്പള്ളി ജലവൈദ്യുത പദ്ധതി, കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ എന്നീ വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് വൈദ്യുതി ബോർഡ് ആണ്. ഇവ അംഗീകരിച്ചത് ബോർഡാണ്. കോഴിക്കോട് ഡീസൽ നിലയത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് 'പ്രീമിയർ എനർജി ടെക്നോളജീസ്, ഡെൽഹി' ആണ് അംഗീകാരം നൽകിയത് ബോർഡാണ്. അഞ്ച് സബ് സ്റ്റേഷനുകളുടെയും എസ്റ്റിമേറ്റ് തയ്യാറാക്കിയത് വൈദ്യുതി ബോർഡാണ്. റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ, ന്യൂഡെൽഹി ഈ എസ്റ്റിമേറ്റിന് അംഗീകാരം നൽകി.

(ഡി) ഉണ്ട്. കോഴിക്കോട് ഡീസൽ വൈദ്യുത നിലയം

(ഇ) പ്രീമിയർ എനർജി ടെക്നോളജീസ്, ഡെൽഹി ആണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്.

(എഫ്) പരിശോധിച്ചിട്ടുണ്ട്.

(ജി) 391.11 കോടി രൂപ.

134 (278) കെ.എസ്.ഇ.ബി.യുടെ ചീഫ് ഇന്റേണൽ ആഡിറ്ററുടെ അധികാരാവകാശങ്ങൾ

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ ചീഫ് ഇന്റേണൽ ഓഡിറ്ററുടെ അധികാരാവകാശങ്ങൾ എന്തെല്ലാമാണ്;

(ബി) ഇദ്ദേഹം ബോർഡിന്റെ സ്ഥിരം സർവ്വീസിലുള്ള ഉദ്യോഗസ്ഥനാണോ;

(സി) അല്ലെങ്കിൽ പ്രസ്തുത നിയമനത്തിന്റെയും ഉദ്യോഗത്തിന്റെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) കോടിക്കണക്കിന് രൂപയുമായി ബന്ധപ്പെട്ട കെ.എസ്.ഇ.ബി.യുടെ കരാർ പർച്ചേസ് ഇടപാടുകളിൽ ഇത്തരം താൽക്കാലിക ഉദ്യോഗസ്ഥർക്ക് നൽകുന്ന അധികാരം പുനഃപരിശോധിക്കാനുദ്ദേശ്യമുണ്ടോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly